## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :577 29.10.2019-ലെ മറുപടിക്ക്

## റൈസ് പാർക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സജി ചെറിയാൻ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 2018-19 വർഷം എത്ര റൈസ് പാർക്കുകൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ; | **(എ)** 2018-19 വർഷം പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിലായി 3 റൈസ് പാർക്കുകളാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. |
| (ബി) ചെങ്ങന്നൂർ മണ്ഡലത്തിലെ പ്രഭുറാം മില്ലിൽ സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കിന്റെ പുരോഗതി വ്യക്തമാക്കാമോ;<br>(സി) നിർവ്വഹണ ഏജൻസിയായി കിറ്റ്കോയേയും സ്പെഷ്യൽ ആഫീസറായി കിൻഫ്രാ അപ്പാരൽ പാർക്ക് ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തന പുരോഗതി വിശദമാക്കാമോ;<br>(ഡി) പ്രഭുറാം മില്ലിൽ നിന്ന് റൈസ് ടെക്നോളജി പാർക്കിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ? | **(ബി), (സി) & (ഡി)** ആലപ്പുഴ ജില്ലയിൽ പ്രഖ്യാപിച്ച ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനായി പ്രഭുറാം മില്ലിൽ ലഭ്യമായ 5.22 ഏക്കർ സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കിറ്റ്കോ ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ പ്രാഥമിക പഠനം നടത്തുകയും പദ്ധതിക്കായി കരട് അടങ്കൽ തുകയായി 4138.24 ലക്ഷം രൂപയും കണക്കാക്കിയിട്ടുണ്ട്. ഈ പ്രോജക്ടിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതു സംബന്ധിച്ച് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്തു തീരുമാനം അറിയിക്കുന്നതിനു നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രവുമല്ല ബഹു.ചെങ്ങന്നൂർ നിയോജക മണ്ഡലം എം.എൽ.എ, കിറ്റ്കോ, നോഡൽ ഓഫീസർ, കെ.എസ്.റ്റി.സി മാനേജിംഗ് ഡയറക്ടർ എന്നിവർ സംയോജിത സൈറ്റ് ഇൻസ്പെക്ഷൻ നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ